GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/11/2026

1. പ്രകൃതി കൃഷി, മട്ടുപ്പാവ് കൃഷി, മില്ലറ്റ് ഉൽപന്ന നിർമാണം, സോപ്പ് നിർമാണം തുടങ്ങി വിവിധ മേഘലയിൽ ഗാന്ധി സെന്റർ ഫോർ റൂറൽ ഡവലപ്മെന്റും സ്വദേശി ട്രസ്റ്റും ചേർന്ന് പരിശീലനം നൽകുന്നു. പട്ടം മരപ്പാലത്തുള്ള സ്വദേശി കേന്ദ്രത്തിൽ നവംബർ 6 മുതൽ 15 വരെയാണ് പരിശീലനം. ഈ ദിവസങ്ങളിൽ നാടൻ ഉൽപന്ന പ്രദർശനവും

ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 9447154338, 9995544552 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് തേനീച്ച വളർത്തൽ എന്ന വിഷയത്തിൽ നവംബർ 7- ന് പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 550 രൂപ. കൂടുതൽ വിവരങ്ങൾക്ക് 8547070773 ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല മണ്ണുത്തി വെറ്ററിനറി കോളേജിൽ നടത്തുന്ന 'സർട്ടിഫൈഡ് പ്രൊഫഷണൽ ഡോഗ് ട്രെയിനിങ് പ്രോഗ്രാമി'ന്റെ രണ്ടാം ബാച്ചിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. നവംബർ 9 ന് ബാച്ച് ആരംഭിക്കും. അനുസരണം, ഗ്രൂമിങ്, ഡിറ്റക്ഷൻ, ട്രാക്കിങ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സ് 30 പ്രവൃത്തി ദിവസം (ആറാഴ്ച) നീളും. ഒരു ബാച്ചിൽ 20 പേർക്കാണ് പ്രവേശനം. പത്താം ക്ലാസാണ് യോഗ്യത. പ്രായപരിധിയില്ല. സ്വന്തം നായ്ക്കുട്ടിയുമായോ അല്ലാതെയോ പങ്കെടുക്കാം. പരീക്ഷ വിജയിക്കുന്നവർക്ക് സർവകലാശാലയുടെ സർട്ടിഫിക്കറ്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9605860005 ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ടർക്കി വളർത്തൽ എന്ന വിഷയത്തിൽ നവംബർ 6 ന് (വെള്ളിയാഴ്ച) ഒരു ദിവസത്തെ സൗജന്യ പരിശീലനം നടത്തപ്പെടുന്നു. സമയം രാവിലെ 10.00 മുതൽ – 5 മണിവരെ . പങ്കെടുക്കാൻ താല്പര്യമുള്ളവർ 0479–2457778, 0479–2452277 എന്നീ ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ 7736336528 വാട്സ്ആപ്പ് നമ്പറിൽ പേര്, അഡ്രസ്സ്, ഫോൺ നമ്പർ അയച്ചു രജിസ്റ്റർ ചെയ്യാവുന്നതാണ്.
5. ക്ഷീര വികസന വകുപ്പിന്റെ 2026–27 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. 2026 നവംബർ 7 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മിൽക്ക് ഷെഡ് വികസനം, ഡയറി ഫാം ശുചിത്വം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ, കശുവണ്ടി മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി , 20, 10, 5, 2, 1 എന്നീ പശു യൂണിറ്റ് പദ്ധതികൾ, കൂടാതെ യുവജനങ്ങൾക്കായി പത്തു പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം

പദ്ധതി, മിൽക്കിങ് മെഷീൻ വാങ്ങിക്കുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും www.ksheerasree.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

6.